82

# അവസാന നിമിഷ ഏർപ്പാടുകൾ

**വായനാ ഭാഗം #35**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച (തുടർച്ച).
  H. വെള്ളി: യേശുവിന്റെ മരണദിവസം (തുടർച്ച).
    1. അവസാന അത്താഴം (തുടർച്ച).
      f. അപ്പോസ്തലന്മാരെ പ്രോത്സാഹിക്കുകയും മുന്നറിയിക്കുകയും ചെയ്തു (യോഹ.14:1–16:33).
      g. പിതാവിനോട് യാചിച്ചു (യോഹ.17:1–26).

**മുഖവുര**

1977 നവംബറിൽ, ആസ്ട്രേലിയയിലെ ഗ്രെയ്റ്റർ സിഡ്നിയിലെ മെക്കയറി ഇടവകയിൽ പത്തുവർഷം പ്രവർത്തിച്ച ശേഷം ഞാനും എന്റെ കുടുംബവും അമേരിക്കയിലേക്ക് മടങ്ങുവാൻ ഒരുങ്ങുകയായിരുന്നു.[1] അത് തിരക്കുള്ള ഒരു സമയമായിരുന്നു: ഞങ്ങൾക്ക് ധാരാളം കാര്യങ്ങൾ ചെയ്യേണ്ടിയിരുന്നു, നിരവധി ഏർപ്പാടുകൾ ചെയ്യേണ്ടിയിരുന്നു! അത് കണ്ണുനീരിന്റെ ഒരു സമയമായിരുന്നു: ഞങ്ങൾ പഴയ സ്നേഹിതരുമായും കുടുംബവുമായും വീണ്ടും യോജിക്കുന്നതിന് കാത്തിരുന്നു, എന്നാൽ ഞങ്ങളോട് ഏറ്റവും അടുത്ത പുതിയ സ്നേഹിതരെ വിട്ടു പോകുന്നതിൽ ഞങ്ങൾക്ക് അതിയായ ദുഃഖവും ഉണ്ടായിരുന്നു. അത് ഒരു വിചാരപ്പെടുന്ന സമയമായിരുന്നു: ഇടവകയിലെ നിരവധിപേർ പുതുതായി ക്രിസ്ത്യാനികളായി തീർന്നവരായിരുന്നു, അവരുടെ ആത്മീയ ക്ഷേമത്തെക്കുറിച്ച് ഞങ്ങൾ വിചാരപ്പെട്ടിരുന്നു. ആ ദിവസങ്ങൾ ഉപദേശവും പദ്ധതികൾ തയ്യാറാക്കലും, പ്രാർത്ഥനയും നിറഞ്ഞതായിരുന്നു.

പൂർണ്ണതയിൽ നിന്ന് അകലെ ആയിരിക്കും സമാന്തരം, എന്നാൽ യേശുവിന്റെ മരണം ആസന്നമായിരിക്കെ അവൻ നേരിട്ട സാഹചര്യങ്ങളോട് ഏതാണ്ട് അടുത്തുനിൽക്കുന്നതായിരുന്നു ഞങ്ങളുടേത്. നാം പഠിക്കുവാൻ പോകുന്ന വേദഭാഗങ്ങളിൽ, തനിക്ക് പോകേണ്ട നാഴിക അടുത്തിരിക്കുന്നു എന്നാണ് അവൻ തന്റെ ശിഷ്യന്മാരോട് ഊന്നി പറഞ്ഞത് (യോഹന്നാൻ 14:2, 3, 12, 19, 28, 30; 16:7, 16, 28; 17:1, 13; 13:33 നോക്കുക). ഒരർത്ഥത്തിൽ, യോഹന്നാൻ 14–17ൽ വിവരിക്കുന്നത് യേശുവിന്റെ "അവസാന-നിമിഷ ഏർപ്പാടുകളാണ്." വേദഭാഗം ആരംഭിക്കുന്നത് "അപ്പൊസ്തലന്മാരോടുള്ള വലിയ വിടവാങ്ങൽ പ്രസംഗത്തോടുകൂടെയും" (അദ്ധ്യായങ്ങൾ 14–16) അവസാനിപ്പിക്കുന്നത് കർത്താവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയോടുകൂടെയുമാണ് (അദ്ധ്യായം 17).

യോഹന്നാൻ 14–17 മതിയായ രീതിയിൽ അവതരിപ്പിക്കുവാനുള്ള എന്റെ കഴിവില്ലായ്മയെ ഞാൻ സമ്മതിക്കുന്നു. വലിയ വേദഭാഗങ്ങൾ അടങ്ങുന്ന, യോഹന്നാന്റെ പുസ്തകത്തിലെ വലിയ ഭാഗങ്ങളിൽ ഒന്നാണിത്. ആ അദ്ധ്യായങ്ങളെ എച്ച്. ഐ. ഹെസ്റ്റർ വിളിച്ചത് "ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും

വലിയ നിധികളിൽ ഒന്ന് എന്നാണ്."[2] ജോൺ എഫ്. കാർട്ടർ പറഞ്ഞു, "ആ വിലയേറിയ അരുളപ്പാടുകളിൽ ..., സുവിശേഷങ്ങളിൽ മറ്റുഭാഗങ്ങളിൽ കാണാത്ത ഉൾക്കാഴ്ച്ച യേശുക്രിസ്തുവിന്റെ വൈകാരിക ജീവിതത്തെക്കുറിച്ച് പ്രിയശിഷ്യൻ നൽകുന്നു."[3] എഫ്. ലഗാർഡ് സ്മിത്ത് എഴുതി, "യേശു സംസാരിച്ച ഓരോ വാക്കും താൻ തുടങ്ങിവെച്ച പ്രവൃത്തികൾ അവർ പൂർത്തിയാക്കേണ്ടതിന് അവന്റെ ഉള്ളിലുണ്ടായിരുന്ന ഭാരത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു."[4]

ഒരു പാഠത്തിൽ ആ വലിയ അദ്ധ്യായങ്ങളെ പരിചയപ്പെടുത്തുവാൻ മാത്രമേ എനിക്ക് കഴിയു. പിന്നെ നിങ്ങൾക്ക് നിങ്ങളുടെ ആയുഷ്കാലമത്രയും ആ സത്യങ്ങളെക്കുറിച്ച് ധ്യാനിക്കുവാനും അനുഗ്രഹിക്കപ്പെടുവാനും സമയം ചെലവിടുക. വാക്യാ–നുസരണ–മുള്ള പഠനത്തിനു – അല്ലെങ്കിൽ ഭാഗം–ഭാഗമായുള്ള അവലോകനത്തിനു ശ്രമിക്കുന്നതിനു പകരം – അതിലുള്ള ചില വിഷയങ്ങളെ എടുത്തു കാണിക്കുവാനാണ് ഞാൻ ശ്രമിക്കുക. എന്റെ സമീപനം ഒരു യാത്രക്കുവേണ്ട ഒരുക്കത്തിൽ അടങ്ങിയിട്ടുള്ള ഏർപ്പാടുകളെ ശ്രദ്ധിക്കുക. യേശു ഈ ലോകം വിട്ടു പോകുന്നതും എന്റെ കുടുംബം ആസ്ട്രേലിയ വിട്ടുപോകുന്നതും തമ്മിലുള്ള സമാനതകളാണ് ഞാൻ പറയുന്നത്.

നാം യോഹന്നാൻ 14–17 പരിശോധിക്കുമ്പോൾ, യേശു ആയിരുന്നു ഏറ്റവും ആദ്യവും മുഖ്യവുമായി അപ്പൊസ്തലന്മാരോട് സംസാരിച്ചത് എന്ന് ഓർക്കുക. പല വാക്യങ്ങളിൽ നിന്നും പൊതുവായ പ്രായോഗികത എടുക്കുവാൻ കഴിയും എന്നാൽ അവർക്ക് മാത്രമായി നൽകിയ വാഗ്ദാനങ്ങളെ നമുക്ക് അവകാശപ്പെടാവുന്നതല്ല (ഉദാഹരണത്തിന്, 14:26).

### സഹതാപപൂർവ്വമായ പ്രോത്സാഹനം

വിട്ടുപോകൽ എല്ലാവർക്കും പ്രയാസമുള്ള കാര്യമാണ്. ക്രിസ്തു പോകുന്നു എന്ന് പറഞ്ഞപ്പോൾ, ശിഷ്യന്മാർ ദുഃഖം നിറഞ്ഞവരായിതീർന്നു (യോഹന്നാൻ 16:6). അതുകൊണ്ട് "വലിയ വിടവാങ്ങൽ പ്രസംഗം" പ്രോത്സാഹന വാക്കുകളോടെ തുടങ്ങി: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്" (14:1). പിന്നീട്, യേശു പറഞ്ഞു, "സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല[5] ഞാൻ നിങ്ങൾക്ക് തരുന്നത്; നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയുമരുത്" (14:27; 16:33 നോക്കുക). ആശ്വാസവും ശക്തിയും പകരുന്ന വാക്കുകൾ നിറഞ്ഞതായിരുന്നു ആ പ്രസംഗം തന്റെ സ്നേഹം അപ്പൊസ്തലന്മാർക്ക് അവൻ ഉറപ്പിച്ച് കൊടുക്കയും (15:9, 12) അവരെ "സ്നേഹിതന്മാർ" എന്ന് വിളിക്കുകയും ചെയ്തു (15:15). അപ്പോൾ അവർ ദുഃഖിക്കുമെങ്കിലും, അവരുടെ ദുഃഖം സന്തോഷമായി തീരുമെന്ന്, അവൻ അവരോട് വാഗ്ദാനം ചെയ്തു (16:20–22; 15:11 നോക്കുക).

യേശു പ്രോത്സാഹനവാക്കുകൾ പറഞ്ഞപ്പോൾ, അവന് ജീവിക്കുവാൻ ഇനി ഏതാനും മണിക്കൂറുകൾ മാത്രമേ ശേഷിക്കുന്നുള്ളു എന്ന് അറിഞ്ഞിരുന്നു (14:30; 16:20, 32; 17:1). എന്നിരുന്നാലും, അവൻ തന്റെ അപ്പൊസ്തലന്മാരെക്കുറിച്ച് കരുതലുള്ളവനായിരുന്നു. കർത്താവിന്റെ നിസ്വാർത്ഥതയും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലും എന്നെ പ്രചോദിപ്പിക്കുന്നു.

## ഗൗരവമായ വിശദീകരണം

ഒരു വിട്ടുപോകൽ പ്രഖ്യാപിക്കുമ്പോൾ, "നിങ്ങൾ എന്തുകൊണ്ടാണ് പോകേണ്ടിവന്നത്?" എന്ന ചോദ്യം ചോദിക്കാറുണ്ട്. നമ്മോട് ആ ചോദ്യം ചോദിച്ചിട്ടുണ്ട്, അതിന് കാരണങ്ങൾ നിരത്തുകയും ചെയ്തിട്ടുണ്ട്. ഞങ്ങളുടെ പെൺമക്കൾ കോളേജിൽ പഠിക്കുന്ന പ്രായമായി, അവരെ ക്രിസ്ത്യൻ സ്കൂളുകളിൽ ചേർക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു; എന്റെ ഭാര്യയുടെ അമ്മ പ്രായാധിക്യത്തിലാവുകയും, ശേഷിച്ച ഏതാനും വർഷങ്ങൾ അവരുടെ അടുത്ത് ഞങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കയും ചെയ്തു.[6]

താൻ വിട്ടുപോകേണ്ടതിന്റെ ആവശ്യം ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. ആദ്യം, മുൻനിശ്ചയം പോലെ, അവൻ ഭൂമിയിൽ വന്നിട്ട്, പിതാവിന്റെ അടുക്കലേക്ക് പോകണം (14:28; 16:5, 28). ആ സമയം, അവനു മുമ്പുണ്ടായിരുന്ന മഹത്വത്തിലേക്ക് പ്രവേശിക്കണം (17:5). "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു" (14:28).

എങ്ങനെയായാലും, തന്റെ പുറപ്പെട്ടു പോകൽ അപ്പൊസ്തലന്മാർക്ക് എത്രത്തോളം പ്രയോജനമുള്ളതാണെന്ന് മുഖ്യമായും ക്രിസ്തു ഊന്നിപ്പറഞ്ഞു. അവൻ അവരോട് പറഞ്ഞു, "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു" (യോഹന്നാൻ 14:2). കൂടാതെ, തനിക്ക് ഭൂമിയിൽ വെച്ച് അവർക്കുവേണ്ടി ചെയ്യാൻ കഴിയുന്നതിനേക്കാൾ അധികമായി ദൈവത്തിന്റെ വലത്തുഭാഗത്ത് വെച്ച് ചെയ്യുവാൻ കഴിയുമെന്ന് തന്റെ ശിഷ്യന്മാരോട് അവൻ പറഞ്ഞു. അത് അവൻ *തന്റെ നാമത്തിൽ* പ്രാർത്ഥിക്കുന്നതിനെക്കുറിച്ചായിരുന്നു പറഞ്ഞത്. അതുവരെ, പ്രാർത്ഥന യേശുവിന്റെ നാമത്തിൽ ആയിരുന്നില്ല (യോഹന്നാൻ 16:24); എന്നാൽ അവൻ തന്റെ പിതാവിന്റെ അടുക്കൽ മടങ്ങി ചെന്നശേഷം അവൻ അവരുടെ മദ്ധ്യസ്ഥൻ ആകും (1 തിമൊഥെയോസ് 2:5): അവൻ തന്റെ അനുയായികൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കും (റോമർ 8:34; എബ്രായർ 7:25; 9:24; 1 യോഹന്നാൻ 2:1). ഭാവിയിൽ, *അവന്റെ നാമത്തിൽ* അവർ എന്തു ചോദിച്ചാലും അതു ലഭിക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തു[7] (യോഹന്നാൻ 14:13, 14; 15:16; 16:23, 24).

താൻ പോകുന്നതെന്തിനെന്ന് യേശു പറഞ്ഞപ്പോൾ, താൻ പോയാൽ മാത്രമേ പരിശുദ്ധാത്മാവിനെ അയക്കുവാൻ കഴിയു എന്ന *മുഖ്യ* ചിന്ത പകരുകയുണ്ടായി. അവൻ പറഞ്ഞു, "ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല;[8] ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും" (16:7). തന്റെ "കാര്യസ്ഥൻ" "പരിശുദ്ധാത്മാവ്" ആണെന്ന് ഏതാനും വാക്യങ്ങൾക്ക് ശേഷം അവൻ പറയുകയുണ്ടായി (16:13). താൻ വെള്ളം കൊണ്ടാണ് സ്നാനം കഴിപ്പിക്കുന്നത്, എന്നാൽ മശിഹ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുമെന്ന്, മുന്നു വർഷങ്ങൾക്ക് മുൻപ് യോഹന്നാൻ സ്നാപകൻ പറഞ്ഞിരുന്നു (മർക്കൊസ് 1:8). പരിശുദ്ധാത്മസ്നാനത്തിന് രണ്ടു മാസമേ ഉണ്ടായിരുന്നുള്ളു (പ്രവൃത്തികൾ 1:5, 8; 2:1–4, 33). അതുകൊണ്ടു അപ്പൊസ്തലന്മാർക്ക് ആത്മാവുമായുള്ള പുതിയ ബന്ധത്തെ പ്രാഥമികമായി വിവരിക്കേണ്ടതുണ്ടായിരുന്നു. മറ്റു സുവിശേഷവിവരണങ്ങൾ എല്ലാം ചേർത്തുവെച്ചാലും അതിനേക്കാൾ കൂടുതൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് യോഹന്നാൻ 14–17 ലാണ്.

ഈ പാഠത്തിന്റെ വേറൊരു ഭാഗത്തിന് യോജിച്ചതാണ് ആത്മാവിനെ അയക്കൽ (അടുത്ത പ്രധാന പിരിക്കൽ നോക്കുക), എന്നാൽ, ഒരു നിമിഷം, 16:7–ൽ നിന്നു നമുക്ക് വായിക്കാം: "ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം." ഇതു ക്രിസ്തു 14:12–ൽ വാഗ്ദാനം ചെയ്തതുമായി യോജിച്ചേക്കാം: "... ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് *അതിൽ വലിയതും അവൻ* ചെയ്യും" (എംഫസിസ് മൈൻ). *ഗുണത്തിൽ*, യേശു ചെയ്തതിനേക്കാൾ (അത്ഭുതങ്ങൾ) വലിയ പ്രവൃത്തികൾ അപ്പൊസ്തലന്മാർ ചെയ്തില്ല.[9] എന്നാൽ *അളവിൽ* അവർ വലിയ പ്രവൃത്തികൾ ചെയ്തു കാണും (പ്രവൃത്തികൾ 5:12).[10] ആത്മാവിന്റെ ശക്തിയാലാണ് അവർക്ക് അത് ചെയ്യുവാൻ കഴിഞ്ഞത് (പ്രവൃത്തികൾ 1:8; റോമർ 15:19 നോക്കുക). അവൻ പോയാൽ മാത്രമേ ഇതു സാധ്യമാകു എന്നാണ് ക്രിസ്തു ഊന്നി പറഞ്ഞത്.

## ശക്തിപ്പെടുത്തുന്ന ആശ്വാസം

ഞാനും കുടുംബവും ആസ്ട്രേലിയ വിട്ടുപോകാറായപ്പോൾ, മെക്വയറിയിലെ ഇടവകയെ ഞങ്ങൾക്ക് പകരക്കാർ വരുവാൻ പോകുന്നു എന്ന് പറഞ്ഞ് പ്രോൽസാഹിപ്പിച്ചു. ഡെയിലും ഷീലാ ഹാർട്ട്മാനും കുടുംബവും ഉടനെ വരും. അതുപോലെ, യേശു ഞാൻ നിങ്ങളെ "അനാഥരായി വിടുകയില്ല എന്ന് തന്റെ ശിഷ്യന്മാരോട് പറഞ്ഞു" (യോഹന്നാൻ 14:18), കാരണം അവൻ തന്റെ പകരക്കാരനായ പരിശുദ്ധാത്മാവിനെ അയക്കും. "ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്ന് നിങ്ങൾക്ക് തരും" (14:16). യേശു അവർക്ക് കാര്യസ്ഥനായിരുന്നു; ഇപ്പോൾ അവൻ അവർക്ക് ആത്മാവെന്ന *മറ്റൊരു* കാര്യസ്ഥനെ അയക്കുവാൻ പോകുന്നു. ക്രിസ്തു അവരോടുകൂടെ മൂന്നു വർഷത്തോളം ഉണ്ടായിരുന്നു, എന്നാൽ പുതിയ കാര്യസ്ഥൻ അവരോട് കൂടെ "എന്നേക്കും ഇരിക്കും."[11]

കെജെവി "ദൈവികത്വം" എന്നു വിളിക്കുന്നതിന്റെ ഒരു ഭാഗമാണ് പരിശുദ്ധാത്മാവ് (പ്രവൃത്തികൾ 17:29; റോമർ 1:20; കൊലൊസ്യർ 2:9).[12] "ത്രിത്വം"[13] എന്നു വിളിക്കുന്നതിലെ ഒരു വ്യക്തി ആണ് അവൻ, അതിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഉൾപ്പെടുന്നു (മത്തായി 28:19). ആ മൂന്നു പേരും വെവ്വേറെ വ്യക്തികളാണെന്ന് യോഹന്നാൻ 14:16–ൽ കാണാം: "ഞാൻ [പുത്രൻ] പിതാവിനോട് ചോദിക്കും; അവൻ [പിതാവ്] സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ [പരിശുദ്ധാത്മാവ്] എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്ന് നിങ്ങൾക്ക് തരും" പലർക്കും, പരിശുദ്ധാത്മാവ് ദൈവികത്വത്തിലെ ഒരു മർമ്മമായ വ്യക്തിയാണ്. പിതാവ് തന്നെയും ആത്മാവാണ് (യോഹന്നാൻ 4:24), അവൻ പരിശുദ്ധനുമാണ് (1 പത്രൊസ് 1:15). അതുകൊണ്ട്, പിതാവിനെ കുറിച്ച് നിങ്ങൾക്കുള്ള ആശയങ്ങൾ ആത്മാവിന് മാറ്റിക്കൊടുത്താൽ നിങ്ങൾ തെറ്റിപ്പോകയില്ല.

ദൈവികത്വത്തിലെ മൂന്ന് വ്യക്തികളും സ്വഭാവത്തിലും ശക്തിയിലും തുല്യരാണെങ്കിലും, അവരുടെ പ്രവൃത്തികളിലും ഉത്തരവാദിത്വങ്ങളിനം വ്യത്യാസമുണ്ട്. ഉദാഹരണത്തിന്, തിരുവെഴുത്ത് ദൈവശ്വാസിയമാക്കിയ ബഹുമതി ആത്മാവിനാണ് (2 പത്രൊസ് 1:21; മർക്കൊസ് 12:36; പ്രവൃത്തികൾ 1:16; 4:25). പ്രാരംഭ സഭയിൽ അവന്റെ പ്രവൃത്തികളെ കുറിച്ചുള്ള ഉൾക്കാഴ്ച്ച

നൽകുകയാണ് യോഹന്നാൻ 14–16. ഈ മുഖ്യവേദഭാഗങ്ങളിലെ അദ്ധ്യായ ങ്ങളുടെ അവലോകനം ക്രമാനുഗതമാണ്.

*യോഹന്നാൻ* 14:16, 17: മുൻപ് കണ്ടതുപോലെ, താൻ "മറ്റൊരു കാര്യ സ്ഥനെ" അവർക്ക് അയക്കുമെന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. ഗ്രീക്ക് വാക്ക് തർജിമ ചെയ്ത "ഹെൽപ്പർ" "പാരാക്ലേറ്റേ" ആണ് (*പാരാക്ലേറ്റോസ്*),[14] അത് "കാൾ" (*കോലെയോ*) എന്നതിന്റെ നാമവും, ഒരു പ്രെപോസിഷന്റെ അർത്ഥമായ "എലോങ്ങ്സൈഡും" (*പാരാ*) ചേർന്ന് "വൺ ഹൂ ഈസ് കാൾഡ് എലോങ്ങ്സൈഡ്" അർത്ഥമാക്കുന്നത് ടു ഹെൽപ് ഓർ ടു അസിസ്റ്റ് എന്നാണ്. ഗ്രീക്ക് വാക്ക് ഒറ്റ വാക്കിൽ പറയുവാനില്ല, അതുകൊണ്ട് പല രീതിയിൽ തർജിമ ചെയ്തിരിക്കുന്നു "ഹെൽപ്പർ" (എൻഎഎസ്ബി, എൻകെജെവി), "കംഫർട്ടർ" (കെജെവി), "കൗൺസിലർ" (എൻഐവി, ആർഎസ്വി), "അഡ്വൊക്കേറ്റ്" (എൻആർഎസ്വി).[15] ക്രിസ്തു ഹെൽപ്പറെ/കംഫർട്ടറെ/കൗൺസിലറെ/അഡ്വൊക്കേറ്റിനെ "സത്യത്തിന്റെ ആത്മാവായി" തിരിച്ചറിയിക്കുന്നു. അവൻ സത്യം മാത്രം പറയുകയും, സകലസത്യവും വെളിപ്പെടുത്തുകയാലാണ് അവനെ അങ്ങനെ നാമകരണം ചെയ്തത് (14:26; 17:17 നോക്കുക).

*യോഹന്നാൻ* 14:17: ലോകത്തിന് (അതായത്, ക്രിസ്തുവിനെ അംഗീകരിക്കാതിരുന്ന ലോകവ്യവസ്ഥ) ആത്മാവിനെ കാണുവാനോ, അറിയുവാനോ, സ്വീകരിപ്പാനോ കഴിഞ്ഞില്ല. എന്നാൽ അപ്പൊസ്തലന്മാർക്ക് കഴിഞ്ഞത് അവരുടെ വിശ്വാസവും വിശ്വസ്തതയും നിമിത്തമായിരുന്നു. മുൻപ്, പരിശുദ്ധാത്മാവ് അവരോടു*കൂടെ* ഉണ്ടായിരുന്നു,[16] അധികം കഴിയുന്നതിന് മുൻപ് അവൻ അവ*രിൽ* വസിക്കും.[17] അമ്പതു ദിവസങ്ങൾക്ക് ശേഷം യെഹൂദപെരുന്നാളായ പെന്തെകൊസ്തുനാളിലാണ് ഈ വാഗ്ദാനം നിറവേറിയത് (പ്രവൃത്തികൾ 2:1–4, 33).

*യോഹന്നാൻ* 14:26: യേശു നിരവധി കാര്യങ്ങൾ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു, എന്നാൽ താൻ പഠിപ്പിച്ചത് അധികവും അവർ ഓർത്തിരിക്കുകയില്ലെന്ന് അവന് അറിയാമായിരുന്നു. അവർക്ക് കൂടുതൽ വിവരങ്ങളും ആവശ്യമായിരുന്നു, പക്ഷെ ചിലത് അവരോട് പറയുവാൻ അവന് സമയവുമില്ലായിരുന്നു (14:30), ചിലത് സ്വീകരിക്കുവാൻ അവർ തയ്യാറായതുമില്ലായിരുന്നു (16:12). പരിശുദ്ധാത്മാവ് വന്നപ്പോൾ, അവർ എന്തെല്ലാം അറിയണമെന്ന് ദൈവം ആഗ്രഹിച്ചുവോ, അതെല്ലാം അവൻ വെളിപ്പെടുത്തി കൊടുത്തു. ആ വെളിപ്പെടുത്തലിൽ ക്രിസ്തു മുൻപ് അവരെ പഠിപ്പിച്ചത് ഓർപ്പിക്കുന്നതും ഉൾപ്പെട്ടിരുന്നു.

*യോഹന്നാൻ* 15:26: യേശുവിനെ സാക്ഷ്യപ്പെടുത്തുക എന്നതായിരുന്നു പരിശുദ്ധാത്മാവിന്റെ മുഖ്യ പ്രവർത്തി (16:14 നോക്കുക). സൂര്യൻ ഭൂമിയെ പ്രകാശിപ്പിക്കുന്നതുപോലെ, ആത്മാവിന്റെ വെളിപ്പെടുത്തലിന്റെ പ്രാഥമിക ഉദ്ദേശം, ക്രിസ്തുവിനെയും സുവിശേഷത്തെയും മഹത്വപ്പെടുത്തിയതിനും (പെടുത്തുന്നതിനും) (1 കൊരിന്ത്യർ 2:2; 15:1–4).[18]

യോഹന്നാൻ 16:7–14: പരിശുദ്ധാത്മാവ് വരുമ്പോൾ, അവൻ അവിശ്വാസമുള്ള ലോകത്തിനു ചിലതും *അപ്പൊസ്തലന്മാർക്ക്* ചിലതും ചെയ്യും: (1) അവൻ "പാപത്തെ കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെ കുറിച്ചും ലോകത്തിന് ബോധം വരുത്തും." പരിശുദ്ധാത്മാവ് ഭൂമിയിൽ ഹൈവേകളിലും ഇടവഴികളിലും പ്രേതരൂപത്തിൽ ഒഴുകിനടന്ന് "ലോകത്തെ

ബോധ്യപ്പെടുത്തുകയില്ല."[19] മറിച്ച് അവൻ ശ്വാസിയമായി നല്കിയ വചനം മുഖാന്തരമാണ് പാപികളെ ബോധം വരുത്തുന്നത് (17:20). (2) അവൻ അപ്പൊസ്തലന്മാരെ "സകല സത്യത്തിലും വഴി നടത്തുകയും," പിതാവ് പറഞ്ഞതു മാത്രം സംസാരിക്കുകയും ചെയ്യും.[20] അപ്പൊസ്തലന്മാർക്ക് വെളിപ്പെടുത്തിയ "സകല സത്യവും" എഴുതപ്പെടുകയും, പുതിയനിയമപേജുകളിൽ അവ നമുക്ക് ലഭ്യമാക്കുകയും ചെയ്തു. ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമാണ്; ഇതിനു പുറമേ ഒരു വെളിപ്പാടും നമുക്ക് ആവശ്യമില്ല (യൂദാ 3:2; 2 പത്രൊസ് 1:3; ഗലാത്യർ 1:6–9).

### തൃപ്തിപ്പെടുത്തുന്ന ഉറപ്പ്

ഞങ്ങൾ ആസ്ട്രേലിയയിലായിരുന്നപ്പോൾ, മെക്വയറി ഇടവകയോട് ഞങ്ങളുടെ പകരക്കാർ വന്നുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞശേഷം, ഈ ലോകത്തിൽ വെച്ച് അല്ലെങ്കിൽ വരുവാനുള്ള ലോകത്തിൽ വെച്ച് വീണ്ടും കാണാമെന്ന് അവർക്ക് ഉറപ്പ് കൊടുത്തു. പല വർഷങ്ങൾക്ക് ശേഷം, ഞങ്ങൾ വീണ്ടും ആസ്ട്രേലിയയിലേക്ക് പോകുകയും ഞങ്ങളുടെ സ്നേഹിതന്മാരുമായി വീണ്ടും ഒത്തു ചേർന്ന് സന്തോഷിക്കുകയും ചെയ്തു. യേശു ശിഷ്യന്മാരെ വിട്ടുപോകുവാനൊരുങ്ങിയപ്പോൾ, വീണ്ടും അവൻ അവരോടൊപ്പം ചേരുമെന്ന് അവർക്ക് വാഗ്ദാനം ചെയ്തിരുന്നു (ഉദാഹരണത്തിന് യോഹന്നാൻ 14:3; 16:22 നോക്കുക). യോഹന്നാൻ 14–16 ൽചുരുങ്ങിയത് മൂന്ന് വിധത്തിൽ ക്രിസ്തു അപ്പൊസ്തലന്മാരിലേക്ക് മടങ്ങി വരുന്നതിനെ കുറിച്ച് സംസാരിച്ചു:[22]

- അവന്റെ ഉയർത്തെഴുന്നേല്പിനു ശേഷം, സ്വർഗ്ഗാരോഹണത്തിനു മുൻപ് നാല്പതു ദിവസം അവൻ അവരോടൊപ്പം ആയിരിക്കും. 16:16–22 ൽ പ്രാഥമികമായി ഊന്നിയിരിക്കുന്നത് ഈ വസ്തുതയാണെന്ന് തോന്നുന്നു.[23]
- അവന്റെ സ്വർഗ്ഗാരോഹണ ശേഷം, അവൻ ആത്മീയമായി തന്റെ ശിഷ്യന്മാരോടൊപ്പം ആയിരിക്കും (മത്തായി 18:20; 28:20). ആത്മാവിന്റെ വരവുമായി യേശു ആ സത്യത്തെ യോജിപ്പിച്ചു (യോഹന്നാൻ 14:18, 23) പരിശുദ്ധാത്മാവിനെ "ക്രിസ്തുവിന്റെ ആത്മാവ് എന്ന് വിളിച്ചിട്ടുണ്ട്" (റോമർ 8:9; ഫിലിപ്യർ 1:19; 1 പത്രോസ് 1:11).
- ഏതെങ്കിലും ഒരു ദിവസം അവൻ തനിക്കുള്ളവരെ ചേർക്കുവാൻ മടങ്ങിവരും (രണ്ടാം വരവിൽ). ഈ വാഗ്ദാനമായിരുന്നു യോഹന്നാൻ 14:3–ൽ യേശു പറഞ്ഞപ്പോൾ അവന്റെ ഉള്ളിൽ ഉണ്ടായിരുന്നത്.

### പ്രധാന നിർദ്ദേശം

ഞങ്ങൾ ആസ്ട്രേലിയയിൽ നിന്ന് പോകുവാൻ ഒരുങ്ങിയപ്പോൾ, ഞാൻ പ്രാർത്ഥനയോടെ ചിന്തിച്ച് ഈ ചോദ്യം ചോദിച്ചു: "എന്തു നിർദ്ദേശമാണ് എന്റെ സഹോദരി സഹോദരന്മാർക്ക് കൊടുത്തിട്ട് ഞാൻ പോകേണ്ടത്?" ഞാൻ പറഞ്ഞത് ആരെങ്കിലും ഓർക്കുന്നുണ്ടോ എന്ന് അറിയില്ല, പക്ഷേ അർത്ഥവത്തായി പലസന്ദേശങ്ങളും ഞാൻ അവർക്കു നൽകുവാൻ ശ്രമിച്ചു. തന്റെ മരണത്തിന് തൊട്ടുമുമ്പുള്ള രാത്രി പലസത്യങ്ങളും തന്റെ ശിഷ്യന്മാരോട് പറയുവാൻ ആഗ്രഹിച്ചു. അവൻ പറഞ്ഞതിലധികവും രണ്ടായി

തരംതിരിക്കാവുന്നതാണ്. ഫലത്തിൽ, അവൻ പറഞ്ഞു,

(1) "*നിങ്ങൾ എന്നോട് ശരിയായ ഒരു ബന്ധം പുലർത്തേണ്ടതുണ്ട്*". യോഹന്നാൻ 15 തുടങ്ങുന്നത് മുന്തിരിവള്ളിയുടേയും കൊമ്പുകളുടേയും ഉപമയോടുകൂടിയാണ്.[24] ക്രിസ്തു പറഞ്ഞു, "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും,[25] നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും, എന്നെപ്പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല'' (വാ.5). മുന്തിരിവള്ളിയിൽ നിന്ന് ജീവൻ–നൽകുന്ന പോഷകാംശങ്ങൾ കൊമ്പുകളിലേക്ക് ഒഴുകുന്നത് പോലെ നമ്മുടെ ആത്മീയ ജീവൻ കർത്താവിൻ നിന്നാണ് വരുന്നത്. യേശുവിന്റെ വാക്കുകൾ നിങ്ങളുടെ ഉള്ളിൽ സൂക്ഷിക്കുക: "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല." ക്രിസ്തുവിനെ കൂടാതെ, നമുക്ക് ചിലത് ചെയ്യുവാൻ കഴിയുകയില്ല എന്നല്ല; അവനെ കൂടാതെ, നമുക്ക് കുറച്ച് ചെയ്യുവാൻ സാദ്ധ്യമല്ല എന്നുമല്ല; യേശുവിനെ കൂടാതെ നമുക്ക് *ഒന്നും* ചെയ്യുവാൻ സാദ്ധ്യമല്ല. നാം അവനോട് ഒത്ത് ജീവിക്കേണ്ടത് പ്രത്യേകതയുള്ള കാര്യമായിരുന്നു. വളരെ എളുപ്പത്തിൽ തന്റെ അനുയായികൾ ചിതറിപ്പോകുവാൻ ഇടയുണ്ടെന്ന് യേശു അറിഞ്ഞിരുന്നു. (16:32; മത്തായി 26:31). അവന്റെ സ്നേഹത്തിലും അവനിലും വസിപ്പാനും അവൻ അവരോട് അപേക്ഷിച്ചു (യോഹന്നാൻ 15:4–7, 9, 10). അവനുമായി ശരിയായ ബന്ധം നിലനിർത്തുവാൻ രണ്ട് പ്രായോഗിക നിർദ്ദേശങ്ങൾ അവൻ നൽകി.

നമ്മുടെ *വിശ്വാസം ബലപ്പെടുത്തേണമെന്ന്* അവൻ സൂചിപ്പിച്ചു. വിശ്വാസത്തെ ഊന്നി പറഞ്ഞുകൊണ്ടാണ് യോഹന്നാൻ 14 ആരംഭിക്കുന്നത്: "... ദൈവത്തിലും, എന്നിലും വിശ്വസിപ്പിൻ," (വാ.1).[26] കുറച്ചു കഴിഞ്ഞ് യേശു പറഞ്ഞു, "ഞാൻ തന്നെ വഴിയും, സത്യവും, ജീവനുമാകുന്നു" (14:6). പിന്നെ അവൻ ഈ അവകാശം കൂട്ടിച്ചേർത്തു "എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (14:9). നാം ഈ വലിയ സത്യങ്ങൾ വിശ്വസിക്കുന്നുണ്ടോ? കർത്താവുമായി ഒരു നല്ല ബന്ധം നിലനിർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു എങ്കിൽ, ശക്തമായ വിശ്വാസത്തിന് പകരം മറ്റൊന്നുമില്ല.[27]

*തന്റെ വചനം* അവന്റെ അനുയായികൾ ഹൃദയത്തിൽ *സൂക്ഷിക്കണമെന്ന്* അവൻ പറഞ്ഞിരുന്നു. അവന്റെ വചനത്തിൽ നിന്നും ക്രിസ്തുവിലുള്ള വിശ്വാസത്തെ മാറ്റി നിർത്താവുന്നതല്ല. ആ വചനത്തിൽ നിന്നാണ് വിശ്വാസം വരുന്നത് (17:20; റോമർ 10:17 നോക്കുക). അവന്റെ വചനം അറിഞ്ഞ് അനുസരിക്കുന്നതിന്റെ പ്രാധാന്യം യേശു ഊന്നിപ്പറഞ്ഞു. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അതു നിങ്ങൾക്കു കിട്ടും" (15:7). വീണ്ടും, അവൻ പറഞ്ഞു, "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും" (14:23; 14:15, 24; 15:10, 14 നോക്കുക). തന്റെ ശിഷ്യന്മാർ ചെയ്യേണ്ട ചില പ്രത്യേക മാതൃകകൾ അവൻ തന്റെ ശിഷ്യന്മാർക്കു നൽകി. ഉദാഹരണത്തിന്, നാം ഫലപ്രദമായ ജീവിതം നയിക്കുകയും (15:8, 16)[28] നമ്മുടെ വിശ്വാസം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും വേണം[29].

(2) "*നിങ്ങൾ അന്യോന്യം ശരിയായ ബന്ധം നിലനിർത്തേണ്ടതായിട്ടുണ്ട്.*" കർത്താവിനോട് ശരിയായ ബന്ധം പുലർത്തുവാൻ, നാം അന്യോന്യ

മുള്ള ബന്ധം നിലനിർത്തേണ്ടതുണ്ട് (1 യോഹന്നാൻ 4:20). അപ്പോസ്തലന്മാർ കലങ്ങിപ്പോയിരുന്നു (ലൂക്കൊസ് 22:24); തുടർച്ചയായ തിന്മയെ അതിജീവിച്ച് പ്രത്യാശ നിലനിർത്തുവാനുള്ള ഏക വഴിയിൽ യോജിച്ചു നിൽക്കുകയായിരുന്നു (17:11; കൂടാതെ 17:20–23 നോക്കുക).

ഐക്യതക്ക് മുഖ്യമായ ആവശ്യം *സ്നേഹ*മാകുന്നു. തന്റെ അവസാന പ്രസംഗത്തിൽ യേശു സ്നേഹത്തെക്കുറിച്ച് അധികം സംസാരിക്കുന്നു: ദൈവം അവനെ സ്നേഹിച്ചു (15:9), അവൻ ദൈവത്തെ സ്നേഹിച്ചു (14:31), യേശു ശിഷ്യന്മാരെ സ്നേഹിച്ചു (15:9, 12), അവർ അവനെ സ്നേഹിക്കേണ്ടിയിരുന്നു (14:15, 21, 23, 28). അവർ അന്യോന്യവും സ്നേഹിക്കേണ്ടിയിരുന്നു. അവർ അവനെ സ്നേഹിച്ചതുപോലെ അവനും അന്യേന്യം സ്നേഹിക്കുവാനുള്ള വെല്ലുവിളി അവൻ അവർക്ക് കൊടുത്തിരുന്നു (13:34). ഇപ്പോൾ അവൻ ആവർത്തിച്ചു, "ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നതാകുന്നു എന്റെ കല്പന" (15:12; കൂടാതെ 15:17 ഉം നോക്കുക). അവൻ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ പറഞ്ഞപ്പോൾ എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ അതു മാറുവാൻ കൂട്ടിച്ചേർത്തു, "സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹം ആർക്കുമില്ല"[30] (15:13). കുറച്ചു സമയത്തിനുള്ളിൽ, അവൻ തന്റെ ജീവനെ – ക്രൂശിൽ കൊടുക്കുവാനായി പോകുന്നു.

### ഭയഭക്തിയുള്ള മുന്നറിയിപ്പുകൾ

ഞങ്ങൾ ആസ്ട്രേലിയ വിട്ടുപോകേണ്ട സമയം അടുത്തപ്പോൾ, ഞങ്ങൾ പോയശേഷം സംഭവിക്കാനിടയുള്ള എല്ലാ തെറ്റായുള്ള വശങ്ങളേയും കുറിച്ച് ഞാൻ ചിന്തിക്കുവാൻ ശ്രമിച്ചു. എനിക്ക് ഭാവിയെ കാണുവാൻ കഴിഞ്ഞിരുന്നില്ല, അതുകൊണ്ട് പിന്നീട് വരുവാനിടയുള്ള അപ്രതീക്ഷിത പ്രശ്നങ്ങളെ കുറിച്ച് എനിക്ക് ചിന്തിക്കുവാൻ കഴിഞ്ഞില്ല, പക്ഷെ ഇടവകയെ ഒരുക്കത്തിനായി പ്രോൽസാഹിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു. ഭാവിയെ കാണുവാൻ യേശുവിന് *കഴിഞ്ഞത്*കൊണ്ട് അവന് തക്കതായ മുന്നറിയിപ്പുകൾ ശിഷ്യന്മാർക്ക് നൽകുവാൻ കഴിഞ്ഞു. തന്റെ അനുയായികൾ നേരിടുവാനിരിക്കുന്ന ഉപദ്രവങ്ങളെ ശ്രദ്ധിക്കുവാൻ അവൻ നിർദ്ദേശിച്ചു. ആ സമയത്ത് ലോകത്തിന്റെ ശ്രദ്ധ അവനിലായിരുന്നു (15:18, 24); അവൻ പോയശേഷം, ആ വെറുപ്പ് അവരിലേക്ക് തിരിഞ്ഞു (15:20; 17:14–18 നോക്കുക). അവൻ അപ്പൊസ്തലന്മാരെ മുന്നറിയിച്ചു, "നിങ്ങളെ അവർ പള്ളിഭ്രഷ്ടരാക്കും"; "നിങ്ങളെ കൊല്ലുന്നവൻ ദൈവത്തിന് വഴിപാട് കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു"[31] (16:2). പരീക്ഷണങ്ങൾ വരുമ്പോൾ അവർ "ഇടറിപോകാതിരിപ്പാനത്രേ" അവൻ അതെല്ലാം പറഞ്ഞത് (16:1; വാ.4 നോക്കുക). അവൻ ഈ പ്രബോധനവാക്ക് കൂട്ടിച്ചേർത്തു: "ലാകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (16:33).

### നിസ്വാർത്ഥ മദ്ധ്യസ്ഥത

ആസ്ട്രേലിയയിലെ ഞങ്ങളുടെ അവസാന മണിക്കൂറുകളിൽ, ദൈവം സഹോദരീസഹോദരന്മാരോട്കൂടെ ഇരിക്കേണ്ടതിന് ഞങ്ങൾ താല്പര്യത്തോടെ പ്രാർത്ഥിച്ചു. "വീണ്ടും കാണും വരെ ദൈവം നിങ്ങളോടുകൂടെ

ഇരിക്കട്ടെ," എന്ന പാട്ടു പാടിയപ്പോൾ എന്റെ ഭാര്യയുടെ കണ്ണിൽനിന്ന് കണ്ണു നീർ വന്നു.[32] യോഹന്നാൻ 17 ലെ സ്പർശിക്കുന്ന പ്രാർത്ഥനയോടെ ശിഷ്യ ന്മാരുമായുള്ള അവന്റെ സെക്ഷൻ യേശു അവസാനിപ്പിക്കുകയായിരുന്നു. റോബർട്ട് കൾവർ ആ പ്രാർത്ഥനയെ "മനുഷ്യചരിത്രത്തിലെ ഭൂമിയും സ്വർഗവും തമ്മിലുള്ള ഏറ്റവും ഊഷ്മളമായ ഇടപാട്" എന്നാണ് വിളിച്ചത്.[33] വാരെൻ വിയേഴ്സ്ബേ എഴുതി, "യോഹന്നാൻ 17 ... സുവിശേഷരേഖയുടെ 'വിശുദ്ധികളുടെ വിശുദ്ധിയാണ് ... പാപികൾക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുന്നതിനെ കുറിച്ച് പുത്രനായ ദൈവം പിതാവിനോട് സംഭാഷണം നടത്തുന്നതു ശ്രദ്ധിക്കുവാനുള്ള ഭാഗ്യം [ന] മുക്ക് ലഭിച്ചു"[34]

യോഹന്നാൻ 17 ലെ പ്രാർത്ഥനക്ക് മൂന്ന് ഭാഗങ്ങളുണ്ട്. ആദ്യം തനിക്ക് പിതാവിനോടുള്ള ബന്ധത്തെ കുറിച്ച് യേശു പ്രാർത്ഥിച്ചു (വാ.1–5). തനിക്ക് വേണ്ടി അവൻ അപേക്ഷിച്ചത് മഹത്വീകരിക്കപ്പെടേണമെന്നു മാത്രമാണ് (വാ.1, 5; വാ.24; 12:23, 24, 27, 28). രണ്ടാമത്, ക്രിസ്തു അപ്പൊസ്തലന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചു (17:6–19; കൂടാതെ വാ.24–26 നോക്കുക). അവരെ സൂക്ഷി ക്കേണ്ടതിന് അവൻ പിതാവിനോട് അപേക്ഷിച്ചു (വാ.11, 15) അവരെ ശുദ്ധീ കരിക്കേണ്ടതിനും (വാ.19), അവരെ സ്നേഹിക്കേണ്ടതിനും (വാ.26) പ്രാർത്ഥി ച്ചു. അവസാനമായി, അപ്പൊസ്തലന്മാരുടെ വാക്കുകൾ കേട്ട് തന്നിൽ വിശ്വ സിപ്പാനിരിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിച്ചു (വാ.20–23). മറ്റൊരു വാക്കിൽ പറഞ്ഞാൽ അവൻ നിങ്ങൾക്കും എനിക്കും വേണ്ടി പ്രാർത്ഥിച്ചു. എന്തൊരു അത്ഭുത ചിന്ത! ലോകം അവനെ കൈക്കൊള്ളേണ്ടതിന് വിശ്വാസികൾ "ഒന്നായി" തീരുവാൻ അവൻ പ്രാർത്ഥിച്ചു (വാ.21, 23). ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നവരുടെ ഭിന്നതയേക്കാൾ ലോക സുവിശേഷീകരണത്തിന് തടസമായി നില്ക്കുന്ന മറ്റൊന്നില്ല.

### ഉപസംഹാരം

യേശുവിന്റെ "അവസാന–നിമിഷ ഏർപ്പാടുകളെ" കുറിച്ച് മറ്റു വശങ്ങ ളും പറയാവുന്നതാണ്. ഉദാഹരണത്തിന് ഞങ്ങളുടെ കുടുംബം ആസ്ട്രേ ലിയ വിടുവാൻ ഒരുങ്ങിയപ്പോൾ, മറക്കാതിരിക്കുവാൻ ഓർമ്മിക്കാവുന്ന ചിത്ര ങ്ങളും ജ്ഞാപകങ്ങളും ഞങ്ങളുടെ സ്നേഹിന്മാർക്ക് നൽകുകയുണ്ടായി. അതുപോലെ ക്രിസ്തു കർത്തൃമേശ സ്ഥാപിച്ച് അവനെ ഓർമ്മിക്കുവാൻ പറഞ്ഞു (ലൂക്കൊസ് 22:19; 1 കൊരിന്ത്യർ 11:24, 25).

### പ്രസംഗക്കുറിപ്പുകൾ

വിവിധ വിഷയങ്ങളനുസരിച്ച് വേദഭാഗങ്ങളെ തിരിക്കുന്നതാണ് യോഹ ന്നാൻ 14–17 ന്റെ മറ്റൊരു സമീപനം: സ്നേഹം, അനുസരണം, ഫലം–കാ യ്ക്കൽ, പരിശുദ്ധാത്മാവ്, ലോകത്തോടുള്ള നമ്മുടെ ബന്ധം മുതലായവ. "മാളിക–മുറിയിലെ സന്ദേശം" എന്നതാണ് എടുക്കാവുന്ന ഒരു തലക്കെട്ട്. അതിൽ മുഖ്യ പോയിന്റുകളായി, "സ്നേഹത്തെ കുറിച്ചുള്ള സന്ദേശം," "അനുസരണത്തെ കുറിച്ചുള്ള സന്ദേശം" മുതലായവ. ആ അദ്ധ്യായങ്ങൾക്ക് എടുക്കാവുന്ന മറ്റൊരു തലക്കെട്ട്, "അവൻ അവരെ അവസാനത്തോളം സ്നേഹിച്ചു" എന്നതാണ് (യോഹന്നാൻ 13:1 നോക്കുക). എൻഐവി പറ യുന്നത്, "അവൻ ... തന്റെ സ്നേഹം പൂർണ്ണമായി പ്രകടിപ്പിച്ചു" എന്നാണ്. ഈ സമീപനം ആണ് ഉപയോഗിക്കുന്നതെങ്കിൽ, തന്റെ ശിഷ്യന്മാരോട്

സ്നേഹം പ്രകടിപ്പിക്കുവാൻ അവൻ വിലയേറിയ തന്റെ അവസാനിമിഷങ്ങളിൽ ചെയ്തതിന് ഊന്നൽ കൊടുക്കുക. "നിങ്ങളുടെ ഹൃദയം കലങ്ങരുത്" എന്ന വിഷയം എടുത്തും പ്രസംഗിക്കാം (14:1), ആ അദ്ധ്യായങ്ങളിലെ ആശ്വാസപ്രദമായ വേദഭാഗങ്ങളെ ഊന്നി പറയാം.

യോഹന്നാൻ 14–17 ൽ ഹൊമിലെറ്റിക് സാധ്യത ധാരാളമുണ്ട്. വലിയ വേദഭാഗങ്ങളായ യോഹന്നാൻ 14:1–6, 15:1–11, 17:1–26 എന്നിവ എടുത്തു പ്രസംഗിക്കാം. പ്രത്യേക വാക്യങ്ങളായ 14:6, 16:8 മുതലായവ എടുത്തും പ്രസംഗിക്കാം. പരിശുദ്ധാത്മാവിനെ അവതരിപ്പിച്ചുകൊണ്ടുള്ള വിഷയത്തെ അധികരിച്ച് സ്പ്രിങ്ങ് ബോർഡുകളും ഉപയോഗിക്കാം.

---

കുറിപ്പുകൾ

[1]നിങ്ങൾക്ക് വേണമെങ്കിൽ ഈ ചിത്രീകരണം ഉപയോഗിക്കാം. നിങ്ങൾ മാറി പോയപ്പോൾ സ്വീകരിച്ച ഏർപ്പാടുകളും പറയാം. അല്ലെങ്കിൽ സാധാരണ ആളുകൾ മാറിപോകുമ്പോൾ എടുക്കാറുള്ള ഏർപ്പാടുകളെയും പറയാം. [2]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.:ക്വാളിറ്റി പ്രസ്, 1963), 199. [3]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്‌വിലേ:ബ്രോഡ്മാൻസ് പ്രസ്, 1961), 292. [4]എഫ്. ലഗാർഡ് സ്മിത്ത്, *ദ നരേറ്റഡ് ബൈബിൾ ഇൻ ക്രൊണോളജിക്കൽ ഓർഡർ* (യൂജിൻ, ഒറേഗ്.:ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1984), 1462. [5]അനുകൂല സാഹചര്യമനുസരിച്ചാണ് ലോകം "സമാധാനം" തരുന്നത്, അതുകൊണ്ട് അത് താൽക്കാലികമാണ്. യേശുവിന്റെ സമാധാനം അനുകൂല സാഹചര്യങ്ങളെ ആസ്പദമാക്കിയല്ല – അത് ഉള്ളിൽ നിന്ന് വരുന്നതാണ് – അതുകൊണ്ട് അത് എന്നേക്കുമുള്ളതാണ്. [6]വാസ്തവത്തിൽ, 99 ആകുവാനാണ് അവൾ ജീവിച്ചത്! [7]ദൈവത്തിന് അനുഗ്രഹിക്കുവാൻ തക്ക നിബന്ധനയനുസരിച്ച് ജീവിക്കണമെന്നതാണ് ആ വാഗ്ദാനത്തിന്റെ പ്രത്യേകത (1 യോഹന്നാൻ 3:22), യാചിക്കേണ്ടത് "അവന്റെ ഇഷ്ടപ്രകാരം" ആയിരിക്കേണം (1 യോഹന്നാൻ 5:14). പുതിയനിയമത്തിലുടനീളം പ്രാർത്ഥന "യേശുവിന്റെ നാമത്തിലായിരിക്കണം" എന്ന് ഊന്നി പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:20; കൊലൊസ്യർ 3:17). പ്രാർത്ഥനയുടെ അവസാനം "യേശുവിൻ നാമത്തിൽ" എന്ന് വെറുതെ പറയുന്നതിനേക്കാൾ അർത്ഥം അതിനുണ്ട്. മറിച്ച്, ക്രിസ്തു എന്താണെന്നും, അവൻ എവിടെയാണെന്നും, നമുക്ക് വേണ്ടി അവന് എന്തുചെയ്യുവാൻ കഴിയുമെന്നും അംഗീകരിക്കൽ അതിലടങ്ങിയിരിക്കുന്നു. നമ്മുടെ വിശ്വാസം പ്രകടിപ്പിക്കുന്നതും, നമുക്ക് വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നവനിലുള്ള, ആശ്രയവുമാണ്. [8]പരിശുദ്ധാത്മാവ് വരുന്നതിന് മുൻപ് അവൻ പോകേണ്ടത് എന്തുകൊണ്ടാണെന്ന് യേശു വിശദമാക്കിയില്ല. യോഹന്നാന്റെ സുവിശേഷത്തിൽ അപ്പൊസ്തലൻ മുൻപ് എഴുതി, "യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ, ആത്മാവ് വന്നിട്ടില്ലായിരുന്നു" (യോഹന്നാൻ 7:39). ചില കാരണങ്ങൾ കൊണ്ട്, ആത്മാവ് നൽകുന്നതിനായി, യേശു മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റ് സ്വാർഗാരോഹണം ചെയ്യേണ്ടിയിരുന്നു. യേശു മരിച്ച് അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കയും ചെയ്യാതെ ആത്മാവിന് മുഴുവൻ സുവിശേഷവും വെളിപ്പെടുത്തുവാൻ കഴിയാത്തതാകാം മുഖ്യ കാരണം (സുവിശേഷത്തിന്റെ കേന്ദ്ര വസ്തുതകൾ; 1 കൊരിന്ത്യർ 15:1–4). [9]എങ്ങനെയായാലും, "ദാസൻ യജമാനനേക്കാൾ വലിയവനല്ല" (യോഹന്നാൻ 13:16). [10]"വലിയ പ്രവൃത്തികൾ" എന്നു പറഞ്ഞിരിക്കുന്നത് സുവിശേഷം പ്രസംഗിക്കുന്നതും ആയിരക്കണക്കിന് ആളുകളെ പരിവർത്തനം ചെയ്യുന്നതുമാണെന്ന് പല എഴു

ത്തുകാരും വിശ്വസിക്കുന്നു. "പ്രവൃത്തികൾ" എന്ന വാക്ക് സന്ദർഭത്തിൽ, ഏറ്റവും സ്വാഭാവികമായ അർത്ഥം "അത്ഭുതങ്ങൾ" എന്നാണ്, എന്നാൽ യേശു വാക്കുകൾ കൊണ്ട് അമ്മാനമാടി, സൂചിപ്പിക്കുന്നത്, ഞാൻ "വലിയ പ്രവൃത്തികൾ [അത്ഭുതങ്ങൾ] ചെയ്തിട്ടുണ്ട്, എന്നാൽ നിങ്ങൾ ആത്മാക്കളെ പരിവർത്തനം ചെയ്യുമ്പോൾ, അവ ഞാൻ ചെയ്ത പ്രവൃത്തികളേക്കാൾ ഏറ്റവും വലിയ [കൂടുതൽ പ്രാധാന്യമുള്ള] പ്രവൃത്തികൾ ആയിരിക്കും."

[11]പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരുടെ ശേഷം ജീവിതത്തിൽ അവരോടുകൂടെ ഇരിക്കുമായിരുന്നു, ക്രിസ്ത്യാനികളോടുകൂടെ ലോകാവസാനത്തോളവും ഇരിക്കും. [12]"ദൈവികത്വം" എന്ന് ഗ്രീക്കിൽ നിന്ന് തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം, ദൈവത്തിന്റെ ഗുണങ്ങൾ അഥവാ അവസ്ഥ എന്നാണ്. "ദൈവത്വം" അല്ലെങ്കിൽ "ദൈവസ്വഭാവം" എന്നാണ് എൻഎസ്ബി തർജിമ ചെയ്തിരിക്കുന്നത്. [13]"ത്രിത്വം" എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥം "ത്രി–ഇൻ–വൺ എന്നാണ്." പിതാവിനേയും, പുത്രനേയും, പരിശുദ്ധാത്മാവിനേയും സൗകര്യപൂർവ്വം പറയുന്ന വാക്കാണത്. [14]പുതിയനിയമ എഴുത്തുകാരിൽ യോഹന്നാൻ മാത്രമാണ് ആ വാക്ക് ഉപയോഗിച്ചത്, അവൻ യോഹന്നാൻ 14–16 ലാണ് പരിശുദ്ധാത്മാവിനെ ഉദ്ദേശിച്ച് ആ വാക്ക് ഉപയോഗിച്ചത് (14:16, 26, 15:26; 16:7) 1 യോഹന്നാന്റെ ലേഖനത്തിൽ യേശുവിനെ സൂചിപ്പിച്ചും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (1 യോഹന്നാൻ 2:1). [15]ഇതിൽ ഉപയോഗിച്ച വെർഷൻസ്, ന്യു അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ, ദ ന്യു കിങ്ങ് ജെയിംസ് വെർഷൻ, ദ കിങ്ങ് ജെയിംസ് വെർഷൻ, ദ ന്യു ഇന്റർ നാഷണൽ വെർഷൻ, ദ റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ, ആന്റ് ദ ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ. [16]"പരിശുദ്ധാത്മാവ് നിറഞ്ഞ" യേശുവിനോടുകൂടെ ആയിരുന്നു അവർ (ലൂക്കൊസ് 4:1), ആത്മാവ് നിറഞ്ഞ–ശക്തി അവൻ അവരിൽ പങ്കിട്ടു (മത്തായി 10:8). [17]പരിശുദ്ധാത്മാവ് എല്ലാ ക്രിസ്ത്യാനികളിലും നല്കും (പ്രവൃത്തികൾ 2:38; 2തിമൊഥെയൊസ് 1:14), എന്നാൽ അപ്പൊസ്തലന്മാരിൽ ആയിരുന്നതുപോലെ അല്ല. അവർക്ക് ലഭിച്ചത് അത്ഭുതകരമായ ആത്മ നിറവായിരുന്നു (പ്രവൃത്തികൾ 2:4; 5:12 നോക്കുക). [18]പരിശുദ്ധാത്മാവ് ചിലർക്ക് "അറിയപ്പെടാത്ത അളവിൽ" ആകുവാൻ കാരണം അവൻ വന്നത് തന്നെത്തന്നെ വെളിപ്പെടുത്തുവാനായിരുന്നില്ല. പുതിയനിയമത്തിൽ ആത്മാവിനെ കുറിച്ച് പറഞ്ഞിരിക്കുന്ന ധാരാളം വാക്യങ്ങളുണ്ട്, എന്നാൽ പിതാവിനെയും പുത്രനെയും കുറിച്ചുള്ള പൂർണ്ണമായ വെളിപ്പാട് അവയിലില്ല. ആത്മാവിനെ കുറിച്ച് പുതിയനിയമം പഠിപ്പിക്കുന്നത് പഠിക്കുന്നതിൽ വിലയുണ്ട്. എന്നാൽ ആത്മാവ് എവിടെ ഊന്നൽ നൽകിയിരിക്കുന്നു എന്നത് നാം ശ്രദ്ധിക്കണം, പിതാവിനും പുത്രനും കൊടുത്തിരിക്കുന്ന പ്രാധാന്യത്തേക്കാൾ കൂടുതൽ ആത്മാവിനും അവന്റെ പ്രവൃത്തിക്കും പ്രാധാന്യം കൊടുപ്പാൻ തുനിയരുത്. [19]അഡാപ്റ്റഡ് ഫ്രം വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം, 1* (വീറ്റൺ, Ill,വിക്റ്റർ ബുക്സ്, 1989, 362. [20]യോഹന്നാൻ 16:13 കെജെവിയിൽ, "ഹീ ഷാൽ നോട്ട് സ്പീക്ക് ഓഫ് ഹിമ്സെൽഫ്" എന്നാണ്. ആ പദപ്രയോഗമനുസരിച്ച്, ആത്മാവ് തന്നെ കുറിച്ച് ഒന്നും പറയുകയില്ല എന്നാണ്, അതു ശരിയല്ല (ഫുട്ട്നോട്ട് 19 നോക്കുക)."നോട്ട് ... ഓൺ ഹിസ് ഓൺ ... ഇനിഷ്യേറ്റിവ്" എന്നതു കൂടുതൽ കൃത്യമായ അർത്ഥം നൽകും.

[21]*എഴുതപ്പെട്ട* ദൈവവചനത്തെയാണ് "തിരുവെഴുത്ത്" എന്നു പറഞ്ഞിരിക്കുന്നത് (2 പത്രൊസ് 3:15, 16 നോക്കുക). [22]നല്കിയ വാക്യത്തിൽ യേശു അർത്ഥമാക്കിയത് പറയുവാൻ എപ്പോഴും എളുപ്പമല്ല. [23]ആ വേദഭാഗത്തിൽ യേശു സ്പഷ്ടമല്ലാത്ത രീതിയിലാണ് സംസാരിക്കുന്നത് (16:25 നോക്കുക), എന്നാൽ തന്റെ ഉയർത്തെഴുന്നേൽപ് പ്രത്യക്ഷതയെ കുറിച്ചാണ് സംസാരിക്കുന്നതെന്ന് അവൻ ഉപയോഗിച്ച "കുറഞ്ഞോന്ന്" എന്നത്

വ്യക്തമാക്കുന്നു (16:16–19). [24]യോഹന്നാൻ 15:1–8 ന്റെ കൂടുതൽ വിശദീകരണത്തിനും പ്രായോഗികതക്കും ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "കർത്താവിന്ന് ഫലം കായ്ക്കൽ" നോക്കുക. [25]യോഹന്നാനിലെ ഏഴ് "ഞാൻ" എന്നു ഉപയോഗിച്ചിരിക്കുന്നതിലെ ആവസാനത്തേതാണ് ഇത്. [26]എൻഐവിയിൽ "ട്രസ്റ്റ് ഇൻ ഗോഡ്, ട്രസ്റ്റ ആൾസോ ഇൻ മീ" എന്നാണ്. [27]യോഹന്നാൻ 14–17 ലെ വിശ്വാസത്തെ സംബന്ധിച്ച് മറ്റു വേദഭാഗങ്ങൾക്ക്, യോഹന്നാൻ 16:30, 31; 17:8; 20, 21 നോക്കുക. [28]"ഫലം കായ്പിൻ" എന്ന പദപ്രയോഗത്തിന്റെ അർത്ഥം മനസിലാക്കുവാൻ ഈ പുസ്തകത്തിൽ നേരത്തെ വന്ന "കർത്താവിനായി ഫലം കായ്ക്കൽ" എന്നതു നോക്കുക. [29]യോഹന്നാൻ 14–17 ലെ ഊന്നൽ യേശുവിനെ ദൈവം അയച്ചതുപോലെ, യേശു അപ്പൊസ്തലന്മാരെ ലോകത്തിലേക്ക് അയച്ചു (17:3, 8, 18, 21, 23) – അവർക്ക് അവനെ കുറിച്ച് സാക്ഷ്യപ്പെടുത്തുവാൻ കഴിഞ്ഞതുപോലെ (15:27), അതു നമുക്കും പ്രായോഗികമാക്കാം. എങ്ങനെയായാലും, അവരെ അയച്ച ആജ്ഞ നമുക്കും ബാധകമാണ് (മത്തായി 28:18–20 നെ കുറിച്ചുള്ള ചർച്ച പിന്നീട് വരുന്നത് നോക്കുക). [30]തീർച്ചയായും, ഈ കാര്യത്തിലേക്കും യേശുവിന്റെ സ്നേഹം വിപുലമാക്കിയിരിക്കുന്നു – അവൻ തന്റെ ജീവനെ കൊടുത്തത് അവന്റെ ശത്രുക്കൾക്കും കൂടെയാണ് (റോമർ 5:8–10).

[31]ഇതിന് ഉദാഹരണമാണ് ശൗൽ/പൊലൊസ്. അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചപ്പോൾ (പ്രവൃത്തികൾ 8:1, 3; 9:1, 2,), അവൻ വിചാരിച്ചത് അത് ദൈവഹിതമായിരുന്നു എന്നാണ് (പ്രവൃത്തികൾ 26:9; ഗലാത്യർ 1:13, 14). [32]ജെരെമ്യാ ഇ.റാൻകിൻ എഴുതിയ പാട്ടിന്റെ ആദ്യവരികളാണ് "ഗോഡ് ബി വിത്ത് യു" *സോങ്ങ്സ് ഓഫ് ഫെയിത്ത്ഫുൾ ആന്റ് പ്രെയിസ്*, കോമ്പ് ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.:ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994). [33]റോബർട്ട് ഡങ്കൺ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കൽ ബുക്ക് ഹൗസ്, 1976), 237. [34]വിയേഴ്സ്ബേ, 367.